3 (*457) ട്യൂബ്‌വെൽ കോർപ്പറേഷൻ

ശ്രീ. പാലോട് രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം വൻതോതിൽ ഉപയോഗിച്ച് ജലസേചനവും ശുദ്ധ ജലവിതരണവും നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഒരു ട്യൂബ്‌വെൽ കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) കേരളത്തിൽ ലഭിക്കുന്ന ഭൂജലം പരമാവധി ലഭ്യമാക്കി ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന ഭൂജല വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(1) ഭൂഗർഭ പര്യവേഷണവും വികസനവും :

ഈ പദ്ധതിയിൻകീഴിൽ 1999-2000 സാമ്പത്തികവർഷത്തിൽ 500 കുഴൽക്കിണറുകൾ ജലസേചനത്തിനായി കുഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ജില്ലാ പഞ്ചായത്തുകളും മറ്റും നടപ്പാക്കുന്ന ഭൂഗർഭജലത്തെ ആശ്രയിച്ചുള്ള ശുദ്ധജലവിതരണത്തിന് ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിന് സ്ഥാന നിർണ്ണയം, കുഴൽക്കിണറുകളുടെ നിർമ്മാണം എന്നിവകൾക്കുള്ള സാങ്കേതിക പ്രവർത്തനവും സഹായവും നല്കുന്നത് ഭൂജല വകുപ്പിന്റെ പ്രധാനപ്രവർത്തനങ്ങളിൽപ്പെടുന്നു. ഇതിനുപുറമെ 10,000 കിണറുകൾക്ക് സ്ഥാന നിർണ്ണയം നടത്തുക, ആർ.ഇ.സി., ബാങ്കുകൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളോട് ഭൂജലത്തെ ആശ്രയിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് അംഗീകാരം നല്കുക, തുടങ്ങിയ പ്രവർത്തനങ്ങളും ജലസേചന മേഖലയിൽ ഈ സാമ്പത്തികവർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും ഭൂജലം ഉപയോഗിക്കുന്നതിനാവശ്യമായ എല്ലാ സാങ്കേതിക ഉപദേശങ്ങളും സേവനവും ഭൂജല വകുപ്പ് എല്ലാവിഭാഗം ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യപ്രകാരം നല്കി വരുന്നുണ്ട്.

വകുപ്പിന്റെ ഡ്രില്ലിംഗ് യന്ത്രങ്ങളിൽ പഴയതിനുപകരം പുതിയത് വാങ്ങുന്ന പദ്ധതിപ്രകാരം രണ്ട് റോട്ടറി റിഗ്ഗുകൾ ഈ വർഷം വാങ്ങിയിട്ടുണ്ട്. 10 ഡ്രില്ലിംഗ് യന്ത്രങ്ങൾകൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി കുഴൽക്കിണർ നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വേഗതയിലും കാര്യക്ഷമതയോടെയും നടത്തുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(2) ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള പദ്ധതി

അസന്തുലിതവും അശാസ്ത്രീയവുമായ ഭൂജല ഉപയോഗം സൃഷ്ടിക്കാവുന്ന പരിസ്ഥിതിപ്രശ്നങ്ങൾ ഒഴിവാക്കുകയും ലഭ്യമായ ഭൂജലം ശാസ്ത്രീയമായി വികസിപ്പിച്ച് കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുക യെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഒരു നിയമം (ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത നിയമത്തിന്റെ കരടുരൂപം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ച് അഭിപ്രായങ്ങൾ ശേഖരിച്ച് തയ്യാറാക്കി വരുന്നു.

(3) ഫെയിൽഡ് വെൽ കോമ്പൻസേഷൻ സ്കീം

ചെറുകിട-ഇടത്തരം കർഷകർ ഭൂജല വകുപ്പിന്റെ സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി ബാങ്കുകളിൽനിന്നും വായ്പയെടുത്ത് നിർമ്മിക്കുന്ന കിണറുകൾ, കുഴൽകിണറുകൾ എന്നിവയിൽ ഒരു നിശ്ചിത അളവിൽ ജലം ലഭിക്കാതെ വന്നാൽ അത് പരാജയപ്പെട്ടതായി കണക്കാക്കുകയും കർഷകർക്ക് നഷ്ടപരിഹാരം നല്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിയിൽ പങ്കാളികളായിട്ടുള്ള ബാങ്കുകളിൽനിന്നും ലോൺ എടുത്താൽ മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുണ്ടാവൂ.

(4) ഹൈഡ്രോളജി പ്രോജക്ട്

സംസ്ഥാനത്തെ ഭൂജല വിഭവത്തെ സംബന്ധിക്കുന്ന പൂർണ്ണമായ 'ഡാറ്റാ ബാങ്ക്' സ്ഥാപിക്കുന്നതിനായി ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പൂർത്തിയാക്കി ഡാറ്റാ ബാങ്ക് നിലവിൽ വരുന്നതോടെ ഇവിടെ ലഭ്യമായ ഭൂജലം ശുദ്ധജല വിതരണത്തിനും ജലസേചനത്തിനും മെച്ചപ്പെട്ട രീതിയിൽ ആസൂത്രിതമായി ഉപയോഗിക്കുന്നതിന് കഴിയും. ആയതിന്റെ ഗുണനിലവാരം ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതാണ്. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സാമൂഹ്യ ജലസേചന സമിതി ഡച്ച് ഗവണ്മെന്റിന്റെ ധനസഹായത്തോടെ ഭൂജലം ചൂഷണം ചെയ്യാനുള്ള പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(സി) ഇല്ല.

ശ്രീ. പാലോട് രവി : മന്ത്രി ഇവിടെ പറഞ്ഞ ഉത്തരമെല്ലാം വളരെ നല്ലതാണ്. പക്ഷേ ആയുധം കയ്യിലില്ലാത്തവൻ അടരാടുന്നതെങ്ങിനെയാണ്? 1980 -നു ശേഷം ഈ സംസ്ഥാനത്ത് ഡി.റ്റി.എച്ച് റിഗ്ഗും റോട്ടറി റിഗ്ഗുമാണ് കുഴൽക്കിണർ കുഴിക്കുന്നതിന് ഉപയോഗിക്കുന്നതെന്നകാര്യം അങ്ങേയ്ക്കും അറിയാമല്ലോ. പാറ തുരക്കുന്നതിന് ഡി.റ്റി.എച്ച് റിഗ്ഗും അല്ലാതെയുള്ളതിനൊക്കെ റോട്ടറി റിഗ്ഗുമാണ് ഉപയോഗിക്കുന്നത്. നമ്മുടെ ഡി.റ്റി.എച്ച് റിഗ്ഗുകളെല്ലാം തകർന്ന് പൊട്ടിപ്പൊളിഞ്ഞ് തുരുമ്പ് പിടിച്ച് കിടക്കുകയാണ്. അതുപോലെതന്നെ റോട്ടറി റിഗ്ഗുകളും. പുതിയ റിഗ്ഗുകൾ വാങ്ങിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഏറ്റവും കുറഞ്ഞത് പത്ത് ഡി.റ്റി.എച്ച് റിഗ്ഗുകളെങ്കിലും വാങ്ങണം. ഈ സാമ്പത്തികവർഷം 500 എണ്ണം വാങ്ങാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. അടിയന്തിരമായി പത്ത് ഡി.റ്റി.എച്ച് റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടി ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ നമുക്ക് മൂന്ന് റോട്ടറി റിഗ്ഗുകളാണ് ഉള്ളത്. അത് പഴയതായതുകൊണ്ട് രണ്ട് റോട്ടറി റിഗ്ഗുകളും, ഡ്രില്ലിംഗ് യന്ത്രവും വാങ്ങിക്കഴിഞ്ഞു. അതിന്റെ പരിശോധന നടന്നുകൊണ്ടിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അതുപോലെതന്നെ 10 ഡി.റ്റി.എച്ച്. യന്ത്രങ്ങളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

ശ്രീ. പാലോട് രവി : അങ്ങ് ഇവിടെ പറഞ്ഞ ഉത്തരത്തിൽ ..... ബഡ്ജറ്റിനകത്ത് ഇതിന് ആവശ്യമായ പണം ഇല്ലാത്തതുകൊണ്ട് നമ്മുടെ സബ്ജക്ട് കമ്മിറ്റി ആറുകോടി രൂപ ഇതിനായി നല്കണമെന്ന് ഒരു തവണയല്ല, രണ്ടുതവണ ശുപാർശ ചെയ്തിട്ടുണ്ട്. കാരണം, 25% ഭൂഗർഭജലംപോലും നമ്മൾ ഉപയോഗിച്ചിട്ടില്ല. തീരപ്രദേശങ്ങളിൽ ശുദ്ധജലം വേണ്ടത്ര ലഭ്യമാകാത്തതുകൊണ്ട് അവിടെയുള്ള ആളുകൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ഭൂഗർഭജലത്തിന്റെ 25 ശതമാനമെങ്കിലും നമുക്ക് ഉപയോഗിക്കുന്നതിന് 600 ലക്ഷം രൂപ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ പ്രത്യേകമായി ഇക്കാര്യം ക്യാബിനറ്റിലെങ്കിലും വച്ച് അനുവദിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ആ ശുപാർശ നടപ്പിലാക്കുന്നതിനു വേണ്ട നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീമതി ശോഭനാ ജോർജ്ജ് : സംസ്ഥാനത്ത് ഇപ്പോൾ ട്യൂബ് വെൽസ് കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ ട്യൂബ് വെൽസ് കുഴിക്കുന്നതിന് നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. പക്ഷേ നിയന്ത്രണമേർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. അതിനുവേണ്ടിയാണ് ഒരു നിയമനിർമ്മാണം നടത്തുമെന്ന് പറയുന്നത്.

ശ്രീമതി ശോഭനാ ജോർജ് : 1999-2000 ആണ്ടോടുകൂടി 500 കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് പറഞ്ഞു. അങ്ങനെ ആ പദ്ധതി നടപ്പിലാക്കുമ്പോൾ ശുദ്ധജലം എത്താത്ത പ്രദേശങ്ങൾക്ക് മുൻഗണന നല്കാനാവശ്യമായിട്ടുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ത്രിതല പഞ്ചായത്തുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. തീർച്ചയായിട്ടും ജനങ്ങളുടെ അഭിപ്രായമനുസരിച്ച് തന്നെയായിരിക്കും അതിനുവേണ്ട നടപടി സ്വീകരിക്കുന്നത്.

ശ്രീ. ജോർജ് ജെ. മാത്യു : കുഴൽക്കിണറുകൾ കുഴിക്കാൻ പഞ്ചായത്തിൽനിന്ന് അല്ലെങ്കിൽ വ്യക്തികൾ ആവശ്യപ്പെട്ടാൽ അവർക്ക് സൗകര്യമുള്ള പ്രദേശത്ത് ഭൂഗർഭജല വിഭാഗത്തിലുള്ള ആളുകൾ ഒരുപക്ഷേ വന്ന് ആ സ്ഥലം നോക്കിയെന്നിരിക്കും, നോക്കിയില്ലായെന്നിരിക്കും. ശരിയായ രീതിയിൽ ആവശ്യത്തിന് വെള്ളം കിട്ടുമോയെന്നറിയാതെ ആയിരിക്കും പലരും കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നത്. അതിന്റെ ഫലമായിട്ട് ഒരുദിവസം ഏതാണ്ട് ഇരുന്നൂറോ നാന്നൂറോലിറ്റർ ജലംമാത്രം കിട്ടുന്ന കിണറുകളാണ് കുഴിച്ചുകൊണ്ടിരിക്കുന്നത്. ഈ നടപടിക്ക് ഒരു മാറ്റംവരുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നമ്മുടെ സംസ്ഥാനത്ത് ട്യൂബ് വെൽ കുഴിക്കുന്നതിന് ആരെങ്കിലും ആവശ്യപ്പെട്ടാൽ ഡ്രില്ലിംഗിനുള്ള പകുതി ഫണ്ട് കൊടുക്കണം. അത് കൊടുത്തുകഴിഞ്ഞാൽ വെള്ളത്തിന്റെ സോഴ്സ് പരിശോധിച്ചശേഷമേ ആ സ്ഥലത്ത് ഡ്രില്ലിംഗ് നടത്തി കുഴൽക്കിണർ സ്ഥാപിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യുള്ളൂ. മിക്കവാറും കിണർ കുഴിച്ചിട്ട് ആ ഉദ്യമം പരാജയപ്പെടാനിടയായാൽ, ചില സാങ്കേതികമായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകും എന്നതൊഴിച്ചാൽ വളരെക്കുറച്ച് ശതമാനം മാത്രമാണ് അക്കാര്യത്തിൽ പരാജയപ്പെട്ടു പോകുന്നത്. അങ്ങനെ പരാജയപ്പെട്ടുപോകുന്നതിനെക്കുറിച്ചാണ് മെമ്പർ ഇവിടെ പറഞ്ഞത്. കുഴൽക്കിണർ കുഴിപ്പിച്ചിട്ട് അത് പരാജയപ്പെടുകയാണെങ്കിൽ ആ ആവശ്യത്തിനായി അവർ ബാങ്കിൽനിന്നും ലോൺ എടുത്തിട്ടുണ്ടെങ്കിൽ അതിനു വേണ്ട സഹായം കർഷകന് നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള സ്കീമിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്.

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : ഇപ്പോൾ വളരെ കൂടുതൽ ഭൂഗർഭജലം എടുത്തുകൊണ്ടിരിക്കുന്ന കുഴൽകിണറുകൾ വറ്റിപ്പോകുന്നതായി കാണുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ വെള്ളം റീപ്ളനിഷ് ചെയ്യാനായി വെള്ളം സ്വീപ്പ് ചെയ്ത് ഈ കുഴൽ കിണറുകളിലേക്കും പാറയ്ക്കടിയിലേക്കും എത്തിക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

<u>മി. സ്പീക്കർ</u> : അതു സാങ്കേതികമായി പരിശോധിക്കേണ്ടതാണ്.

<u>ശ്രീ. വി.ജെ. പൗലോസ്</u> : ഭൂഗർഭജലമുണ്ട് എന്നു കണ്ടുപിടിച്ച് നിശ്ചയിക്കുന്ന സ്ഥലത്ത് കുഴിച്ചാൽ ഭൂരിപക്ഷവും പരാജയപ്പെടാറില്ല എന്നാണ് മന്ത്രി പറഞ്ഞത്. പക്ഷെ നമ്മുടെ നാട്ടിൽ അപ്രകാരം നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് കുഴൽ കിണർ കുഴിച്ചാൽ ഭൂരിഭാഗവും പരാജയപ്പെടുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ഭൂഗർഭജലം കണ്ടുപിടിക്കാനുള്ള വിദഗ്ദ്ധരുടെ അഭാവം ഈ ഡിപ്പാർട്ടുമെന്റിലുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അങ്ങനെ വൈദഗ്ദ്ധ്യം കുറഞ്ഞ ആളുകൾ ഈ ഡിപ്പാർട്ടുമെന്റിലുള്ളതായി തോന്നിയിട്ടില്ല.

<u>ശ്രീ. വി.ജെ. പൗലോസ്</u> : ഭൂഗർഭജലം ഇറിഗേഷൻ പർപ്പസിന് പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ബാങ്ക് വായ്പയെടുക്കുന്നതിനും മറ്റു സൗകര്യങ്ങളുണ്ടാക്കുന്നതിനും സർക്കാർ താല്പര്യമെടുക്കുമെന്നു പറഞ്ഞു. അതോടൊപ്പം തന്നെ ട്യൂബ് വെല്ലിന്റെ കാര്യത്തിലും ഭാരിച്ച ചെലവു വരുന്നതാണ്. അപ്രകാരം ജലസേചനത്തിന് വെള്ളം ഉപയോഗിക്കുന്ന കർഷകരുടെ കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് സർക്കാരിൽനിന്നും എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അതു നയപരമായ പ്രശ്നമാണ്. അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റ് പ്രത്യേകം പരിശോധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഈ പ്രശ്നം ഉന്നയിച്ച സ്ഥിതിക്ക് അതു പരിശോധിക്കുന്നതാണ്.

<u>ശ്രീ. ടി.കെ. ബാലൻ</u> : കേരളത്തിൽ ഇതുവരെ കുഴിച്ചിട്ടുള്ള ട്യൂബ് വെല്ലിൽ നല്ലൊരു ശതമാനം കേടായി കിടക്കുകയാണ്. അവ റിപ്പയർ ചെയ്യാൻ ഗ്രാമപഞ്ചായത്തുകളും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും ചേർന്ന് ബൃഹത്തായ ഒരു പരിപാടി ആസൂത്രണം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കുഴൽ കിണറുകൾ മൂന്നു കൊല്ലം അഞ്ചു കൊല്ലം ഏഴു കൊല്ലം വരെ നിലനിൽക്കുന്നതാണ്. മൂന്നു കൊല്ലമോ അഞ്ചുകൊല്ലമോ അതിനുശേഷമോ കഴിഞ്ഞാൽ ചീത്തയാകും. അങ്ങനെയുള്ള സ്ഥലത്ത് പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരിക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. എന്നാൽ ഭൂരിഭാഗവും പരാജയപ്പെട്ടു എന്നു പറയുന്ന സ്റ്റേറ്റുമെന്റ് ശരിയല്ല.

<u>ശ്രീ. കെ.പി.എ. മജീദ്</u> : കുഴൽ കിണറുകളെ സംബന്ധിച്ച ഗവണ്മെന്റ് നിലപാട് അറിയാനാണ്. അനിയന്ത്രിതമായി കുഴൽ കിണർ കുഴിക്കുന്നതിന്റെ ഭാഗമായി ഭൂഗർഭജലവിതാനം തകർന്നുകൊണ്ടിരിക്കുകയാണ്. ഇതു വളരെ അപകടകരമായ സാഹചര്യമാണ്. അതിനൊരു നിയന്ത്രണവുമില്ലാതെ ആർക്കും എവിടെയും കുഴൽകിണർ കുഴിക്കാമെന്നാണോ; അതു സംബന്ധിച്ച ഗവണ്മെന്റ് നിലപാട് വ്യക്തമാക്കാമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അതിനാണ് നിയന്ത്രണം ഏർപ്പെടുത്താൻ നിയമം കൊണ്ടുവരുമെന്നു പറഞ്ഞത്. ഭൂഗർഭജലസ്രോതസ്സിന്റെ ലവൽ കുറയുന്നു എന്നുള്ള പരാതി നമ്മുടെ സംസ്ഥാനത്ത് പരക്കെയുണ്ട്. ശാസ്ത്രീയമായി ആരും പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അതു പരിശോധിക്കുന്നതാണ്.

<u>ശ്രീ. ജോസ് ബേബി</u> : നമ്മുടെ സംസ്ഥാനത്തുള്ള ഒട്ടേറെ മലയോര കേന്ദ്രങ്ങളിൽ സാധാരണ കിണർ കുഴിക്കാൻ ബുദ്ധിമുട്ടാണ്. കാരണം അടിയിൽ പാറയാണ്. അങ്ങനെയുള്ള പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുസമിതികൾ മുഖേന കുഴൽ കിണർ കുഴിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ ഇപ്പോൾ ചില പ്രദേശങ്ങളിൽ അതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതുകൊണ്ട് പലപ്പോഴും കുഴൽകിണർ കുഴിക്കാൻ പഞ്ചായത്തു സമിതികൾ മടിക്കുന്നു. അതിനാൽ മലയോര കേന്ദ്രങ്ങളിൽ കുഴൽകിണർ കുഴിക്കാൻ ആവശ്യമായ നടപടിയെടുക്കുമോ; നിയന്ത്രണം വരികയാണെങ്കിൽ ഈ പ്രദേശങ്ങളെ അതിൽ നിന്ന് മാറ്റിക്കൊണ്ടുള്ള നിയന്ത്രണ മേർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുമോ; അതിനെപ്പറ്റിയുള്ള ഗവണ്മെന്റ് നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : മലയോരമേഖലയിൽ ബോർവെൽ ആണ് ആവശ്യമുള്ളത്. കോട്ടയം തുടങ്ങിയ ജില്ലകളിൽ പ്രത്യേകിച്ചും. അവിടെയെല്ലാം ബോർവെൽ കുഴിക്കുന്നുണ്ട്. ഇനിയും കൂടുതൽ ബോർവെൽ സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടാകും. നിയന്ത്രണം എന്നുപറയുന്നത് പഞ്ചായത്തു സമിതികൾക്കോ ഗവണ്മെന്റിനോ അല്ല. സ്വകാര്യ വ്യക്തികൾ യാതൊരു നിയന്ത്രണവുമില്ലാതെ കുഴൽ കിണർ കുഴിക്കുന്നതിനാണ്. അതു പല മേഖലകളിലും കൂടുതൽ ദോഷം ചെയ്യും എന്നുള്ളതുകൊണ്ടാണ് നിയന്ത്രണമേർപ്പെടുത്താൻ നിയമം വേണമെന്ന് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. പി.ജെ. ജോയി</u> : ഡച്ച് ഗവണ്മെന്റിന്റെ സഹായത്തോടെ തൃശൂർ ജില്ലയിൽ ഏതാനും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമെന്ന് പറഞ്ഞു. എത്ര പദ്ധതികൾക്കാണ് ഡച്ച് ഗവണ്മെന്റ് അനുമതി നൽകിയത് എത്രയെണ്ണം പൂർത്തിയായി; ബാക്കിയുള്ളത് എത്ര സമയത്തിനകം പൂർത്തീകരിക്കപ്പെടും?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അതിനു പ്രത്യേക ചോദ്യം വേണം. കഴിഞ്ഞ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ കൃത്യമായ കണക്കുകൾ കണ്ടുപിടിച്ച് ഞാൻ പറഞ്ഞിരുന്നു.

<u>ശ്രീ. എൻ. കണ്ണൻ</u> : നമ്മുടെ പഞ്ചായത്തുകൾ കുഴിക്കുന്ന കുഴൽക്കിണറുകൾ സ്ഥിരമായി വറ്റിപ്പോയിക്കൊണ്ടിരിക്കുകയാണ്. ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്ഥിരമായി വെള്ളം കിട്ടാൻ സാധ്യതയില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ച അവസരത്തിൽ അവരിൽ നിന്നും കിട്ടിയ റിപ്പോർട്ട് ഭൂഗർഭജലം വറ്റിക്കൊണ്ടിരിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അതിനെപ്പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറഞ്ഞത്. ഭൂഗർഭജലം വറ്റിപ്പോയ്ക്കൊണ്ടിരിക്കുന്നതു സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കേരളത്തിൽ തീരപ്രദേശങ്ങളിലൊക്കെ ശുദ്ധജലവിതരണത്തിനായി ആശ്രയിക്കുന്നത് കുഴൽക്കിണറുകളെയാണ്. എത്രകാലം ആശ്രയിക്കാൻ കഴിയുമെന്നുള്ളതു സംബന്ധിച്ച് ആശങ്കയുണ്ട്. അതുകൊണ്ട് വൻകിട പദ്ധതികൾ ആവിഷ്കരിച്ച് നദികളിൽ നിന്നും ജലമെടുത്ത് ശുദ്ധീകരിച്ച് എല്ലാ പ്രദേശങ്ങളിലും ലഭിക്കത്തക്ക നിലയിലുള്ള ബൃഹത്തായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. കെ.സി. ജോസഫ് : ഒ.ഇ.സി.എഫ്. ന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി നീണ്ടുപോകാനുള്ള കാരണമെന്താണ്; അതിനാവശ്യമായ കൺസൾട്ടന്റിനെ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ടോ; നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ കൺസൾട്ടന്റിനെ നിയമിക്കാൻ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയാണ് കൺസൾട്ടന്റിനെ നിശ്ചയിക്കേണ്ടത്. അതു സംബന്ധിച്ച ചില പ്രശ്നങ്ങൾ വന്നതുകൊണ്ടും അതു സുതാര്യമാക്കുന്നതിന് ഗവണ്മെന്റ് ചില നടപടികൾ സ്വീകരിച്ചതുകൊണ്ടുമാണ് കാലതാമസം വന്നത്. അടിയന്തിരമായി കമ്മിറ്റിയെ നിയോഗിച്ച് കൺസൾട്ടന്റിനെ നിയമിക്കാൻ നടപടിയെടുക്കുന്നതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സ്വകാര്യ വ്യക്തികളും അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പണമടച്ചാൽ ചെറിയ റിഗ്ഗും വലിയ റിഗ്ഗും ഉപയോഗിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ബോർവെൽ കുഴിച്ചിരുന്നു. ഇപ്പോൾ സ്വകാര്യ വ്യക്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പണമടച്ചാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ബോർവെൽ കുഴിച്ചുകൊടുക്കുന്നില്ല. സ്വകാര്യ വ്യക്തികൾ ഈ രംഗത്ത് വന്നിട്ടുണ്ട്. അവർ വലിയ ചാർജ്ജ് ഈടാക്കുകയാണ്. അത് ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലൂടെ കുഴൽക്കിണർ കുഴിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതുസംബന്ധിച്ച് ഞാൻ നേരത്തേ ഇവിടെ പറഞ്ഞതാണ്. മൂന്ന് റോട്ടറി റിഗ്ഗുകളും പത്ത് മെഷീനുകളുമാണുള്ളത്. അതുവച്ച് പഞ്ചായത്തും ഡിപ്പാർട്ടുമെന്റും പറയുന്ന സ്ഥലത്ത് പരമാവധി കുഴിച്ചുകൊടുക്കുകയാണ്. സ്വകാര്യ വ്യക്തികൾ ആവശ്യപ്പെടുമ്പോൾ കൊടുക്കത്തക്കനിലയിലുള്ള സൗകര്യമില്ല. ഇപ്പോൾ പത്തെണ്ണം കൂടെ വരുന്നുണ്ട്. പഞ്ചായത്തിന്റേയും ഗവണ്മെന്റിന്റേയും ആവശ്യങ്ങൾ നിറവേറ്റിയതിനുശേഷമേ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുകയുള്ളൂ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : പല ബോർവെല്ലുകളും കുഴിച്ചിട്ട് വെള്ളം കാണാത്ത ഒരു സ്ഥിതിയുണ്ട്. വളരെയധികം സംഖ്യ അതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. അതുകൊണ്ട് സ്ഥാനനിർണ്ണയം ചെയ്യാൻ ശാസ്ത്രീയമായി പരിശീലനം സിദ്ധിച്ച ആളുകളുടെ വിദഗ്ദ്ധ പാനലുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ശാസ്ത്രീയമായി പരിഗണിക്കപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയുണ്ട്. ആ വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം ബഹുമാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുകൊണ്ട് വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്.

4 (*458) തൊഴിലുടമ-തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമ-തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം നൽകുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഇല്ല. എന്നാൽ 'കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ' ആന്റ് എംപ്ലോയ്മെന്റ് എന്ന സ്ഥാപനം ട്രേഡ് യൂണിയൻകാർക്കും മറ്റു വ്യവസായ സ്ഥാപനങ്ങൾക്കും ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി 18 പരിശീലന പരിപാടികൾ സംഘടിപ്പിച്ച ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലേയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡിലേയും തൊഴിലാളികൾക്കുവേണ്ടി യഥാക്രമം നാലും ഏഴും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തൊഴിലാളി യൂണിയൻ പ്രവർത്തകർക്കുവേണ്ടി 13 ശില്പശാലകൾ സംഘടിപ്പിച്ചു. തൊഴിലാളി പ്രതിനിധികൾക്കും തൊഴിലുടമാ പ്രതിനിധികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കുംവേണ്ടി നടത്തിയ 'മാനേജുമെന്റ് ലേബർ ഇന്റർഫേസ്' എന്ന പരിപാടിയും വിജയകരമായി സംഘടിപ്പിച്ചു. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും, തോട്ടം മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും വേണ്ടി 3 ശില്പശാലകൾ വീതം സംഘടിപ്പിക്കുകയുണ്ടായി. റബ്ബർ ബോർഡിലെ തോട്ടങ്ങളുടെ ചുമതലയുള്ള സീനിയർ ഓഫീസർമാർക്കുവേണ്ടിയും കാർഡമം മേഖലയിലെ ചെറുകിടകൃഷിക്കാർക്കുവേണ്ടിയും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

ശ്രീ. സി.എൻ. ജയദേവൻ : കേരളത്തിൽ പൊതുവെ തൊഴിലാളി തൊഴിലുടമ ബന്ധങ്ങൾ മെച്ചപ്പെട്ടതാണെന്നാണ് പറയാമെങ്കിൽക്കൂടി പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നത് പോലീസ്, കോടതി തുടങ്ങിയ മറ്റ് ഏജൻസികളാണ്. തൊഴിൽ വകുപ്പു മുഖേന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly